**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **30-01-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപകമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. എൽ. - ഉം അനെർട്ടും ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കി വരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ട വരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.<br><br>ഇ-കിരൺ എന്ന പോർട്ടൽ വഴി സൗരോർജ്ജ ഉല്പാദനത്തിൽ താൽപര്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാനും തുടർന്ന് സാദ്ധ്യത പഠനം നടത്തി പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി 39 ഡെവലപ്പർമാരെയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ഗാർഹികേതര സ്ഥാപനങ്ങളിൽ സൗരോർജ്ജ ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്കായി ഫേസ്-3 ആയി കെ.എസ്.ഇ.ബി.എൽ. ഒരു ടെൻഡർ വിളിച്ചിട്ടുണ്ട്. പ്രസ്തുത ടെൻഡറിൽ 30 ഡെവലപ്പർമാർ പങ്കെടുത്തു. ടെൻഡർ നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഇടയിൽ സൗരോർജ്ജത്തെ കുറിച്ച് അവബോധം |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കാനായി സെക്ഷൻ തലത്തിൽ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പ്, സോഷ്യൽ മീഡിയ ക്യാമ്പയിനിംഗ്, എസ്.എം,എസ്. അലെർട്ട് തുടങ്ങി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ കൂടുതൽ സബ്സിഡി വിഹിതം ഈ പദ്ധതിക്ക് ആവശ്യപ്പെട്ടുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിലവിലുള്ള സൗര പദ്ധതിക്ക് നൽകുന്ന സബ്സിഡി തുക 3kW വരെ 14588/- രൂപയും 3 മുതൽ 10 kW വരെ 7294/- രൂപയും ആണ്. എന്നാൽ എം.എൻ.ആർ.ഇ. മന്ത്രാലയം വഴി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന സോളാർ പദ്ധതിയുടെയും, ഇനി ടെൻഡർ ചെയ്യാൻ പോകുന്ന സംസ്ഥാനത്തിന്റെ സൗര പദ്ധതിയുടെയും സബ്സിഡി തുക യഥാക്രമം Rs.18000-വും, Rs.9000-വും ആയി 05.01.2024 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ടെൻഡർ ചെയ്ത സംസ്ഥാനത്തിന്റെ 'സൗര' പദ്ധതികൾക്കും വർദ്ധിപ്പിച്ച സബ്സിഡി തുക നടപ്പിലാക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ